

# കൃഷിപ്പാട്ട്

- വൈലോപ്പിള്ളി ശ്രീധരമേനോൻ

വൈലോപ്പിള്ളി 'കന്നിക്കൊയ്ത്തി'ന് വരച്ചത്

പണ്ടു പുഞ്ചയിൽ നെല്ലോ-
ടൊന്നിച്ചു നെല്ലിപ്പൂവിൻ
തണ്ടുപോൽ ചുറ്റിക്കേറി-
പ്പൂവിട്ടു നാടൻപാട്ടും

പുതുവർഷത്തിൽ പച്ച-
ഞാറുകൾ നടുമ്പോൾ, പൊൻ-
കതിർ കൊയ്തെടുക്കുമ്പോൾ,
കറ്റകൾ മെതിക്കുമ്പോൾ

ചെറുമിപ്പെൺതൈകൾതൻ
പ്രാകൃതകണ്ഠം വിട്ടു
ചെറുതേനരുവിപോൽ
ചോരുമാഗ്ഗാനാലാപം

വീരവും വിഷാദവും
കലർന്ന പുരാതന-
കേരളനാട്ടിൻ കഥാ-
സൗരഭം പകർന്നെത്തി

എന്നെ നിർവൃതികൊള്ളി-
ച്ചുള്ളതു നിനയ്ക്കുന്നേൻ
അന്യമാം ശീലിനൊന്നും
കഴിയാത്തൊരുമട്ടിൽ.

II

വേലയെ നൃത്തത്തിന്റെ
വകഭേദമായ് മാറ്റി-
യേലയിൽ പാടിക്കൂടി-
പ്പണിത കവിതേ നീ

കോലകങ്ങളിൽ പട്ടും
വളയും നേടാൻ ചെന്നൂ
കോവിലിൽ പ്രസാദവും
തീർത്ഥവും കിട്ടാൻ നിന്നൂ

നാട്ടിലെസ്സംസ്കാരത്തിൻ
കൃഷിയിൽ പാടി, ക്കൊയ്താ-
ളേട്ടിലെക്കവികൾക്കു
മാനവും സമ്മാനവും

നന്നു, വണ്ടിയുന്തുന്നോർ,
വഞ്ചിയൂന്നുന്നോർ, നെല്ലിൻ-
പൊന്നു നിർമ്മിപ്പോർ, പാടി-
പ്പോന്നൊരാസ്സംഗീതികൾ

പേരില്ലാക്കവികൾതൻ
കൃതിക, ളെങ്ങോ, നെല്ലി-
ത്താരീന്നും പാട, ത്തിളം-
നെല്ലിന്റെ ചിനച്ചത്തിൽ

നീലക്കൽപ്പൊന്മോതിര-
മിടുവിക്കുന്നു, ണ്ടെന്നാൽ
വേലകെട്ടിയ മുത്തു-
താലി പൊട്ടിച്ചു ഗാനം !

III

നാളെയോ യന്ത്രം വിത്തു
വിതയ്ക്കും, യന്ത്രം കൊയ്യും,
നീളവേ യന്ത്രം കറ്റ
മെതിക്കും, യന്ത്രം ചേറും.

മനുജശ്രമം ലഘുതരമോ,-
മതു പിന്നെ
മധുരിപ്പിക്കാൻ ലഘു-
ഗാനമെന്തിനു വേണം

കൃത്രിമവളം നൂറു
മേനി നൽകീടാം, മർത്ത്യ-
ഹൃത്തിലെപ്പശിമാറ്റാ-
നെന്തന്ന്, യന്ത്രപ്പാട്ടോ?

അവലംബം: വിട (കവിതകൾ) (4-4-1966)